**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4198** **28-06-2024 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ കടപ്പുറം ബഡ്സ് സ്കൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ കടപ്പുറം ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | കടപ്പുറം ഗ്രാമ പഞ്ചായത്തിലെ കടപ്പുറം വില്ലേജിൽ സുനാമി പുനരധിവാസ പദ്ധതിപ്രകാരം സുനാമി ഗുണഭോക്താക്കൾക്കായി വീട് പണി കഴിപ്പിച്ചിട്ടുള്ളതിൽ അവശേഷിക്കുന്ന 0.1203 ഹെക്ടർ ഭൂമിയിൽ നിന്നും 0.1034 ഹെക്ടർ ഭൂമിയിൽ കടപ്പുറം ഗ്രാമപഞ്ചായത്തിലെ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി ബഡ്സ് സ്കൂൾ അനുവദിക്കുന്നതിന് ഭൂമി ആർ ഒന്നിന് 100/- രൂപ നിരക്കിൽ പാട്ടത്തിന് നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന നിബന്ധനകൾ പാലിച്ച് പാട്ടകരാർ വെയ്ക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ചാവക്കാട് തഹസിൽദാരുടെ കത്ത് പ്രകാരം പാട്ട കരാർ വെയ്ക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി 14.07.2022 തീയതിയിലെ 3(1) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുക്കുകയും ആയതിനുള്ള നടപടികൾ സ്വീകരിക്കുകയും കെട്ടിടം പണിയുന്നതിന് എം.പി ഫണ്ട് അനുവദിക്കുന്നതിനായി അപേക്ഷ നൽകുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ടി സ്ഥലം എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധന നടത്തി തോടുകളും ചതുപ്പ്, ചിറ പോലുള്ള സ്ഥലമാണെന്നും കെട്ടിടം പണിയുന്നതിന് പ്രയാസം നേരിടുമെന്നും സൂചിപ്പിച്ചിട്ടുള്ളതിനാൽ കൂടുതൽ പരിശോധന നടത്തിയ ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ